**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6240** **10-07-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വനങ്ങളിലുള്ള കടുവകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വനങ്ങളിലുള്ള കടുവകളുടെ സെൻസസ് അവസാനമായി നടന്നത് ഏത് വർഷമാണെന്ന് അറിയിക്കാമോ; | (എ) | അഖിലേന്ത്യാതലത്തിലുള്ള കണക്കെടുപ്പിന്റെ ഭാഗമായി 2022 ൽ സംസ്ഥാനത്ത് ഒട്ടാകെയും 2023-ൽ വയനാട് ലാൻഡ്സ്കേപ്പിലും (വയനാട്, ആറളം, കൊട്ടിയൂർ എന്നീ വന്യജീവി സങ്കേതങ്ങളും, സൗത്ത് വയനാട്, നോർത്ത് വയനാട്, കണ്ണൂർ എന്നീ വന ഡിവിഷനുകളിലെ കർണ്ണാടക സംസ്ഥാനത്തിലെ വനവുമായി ചേർന്ന് കിടക്കുന്ന വനമേഖലയും) കടുവകളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. |
| (ബി) | നിലവിൽ സംസ്ഥാനത്തെ കടുവകളുടെ എണ്ണം എത്രയാണ് എന്ന് അറിയിക്കാമോ; | (ബി) | 2022 ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 213 (SE 16) കടുവകൾ ഉള്ളതായും വയനാട് ലാൻഡ്സ്കേപ്പിൽ 2023 ലെ കണക്കുകൾ പ്രകാരം 84 കടുവകൾ ഉള്ളതായും കണക്കാക്കുന്നു. |
| (സി) | സംസ്ഥാനത്തെ വന വിസ്തൃതിക്ക് അനുസൃതമായ അനുപാതത്തിലാണോ വനങ്ങളിലെ കടുവകളുടെ എണ്ണം എന്ന വിവരം ലഭ്യമാക്കാമോ; വ്യക്തമാക്കാമോ; | (സി) | നിലവിലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ വനവിസ്തൃതിക്ക് ആനുപാതികമായി വനങ്ങളിൽ സുരക്ഷിതമായി ഉൾക്കൊള്ളാവുന്നത്ര കടുവകളേയുള്ളൂ എന്ന് കണക്കാക്കുന്നു. ഒരു വനമേഖലയ്ക്ക് ഉൾക്കൊള്ളാവുന്ന കടുവകളുടെ എണ്ണം, വനവിസ്തൃതിക്ക് പുറമേ വനത്തിന്റെ സ്വഭാവം, ഇരജീവികളുടെ ലഭ്യത, മുതലായ വിവിധ ഘടകങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. കൂടാതെ, കടുവകളുടെ എണ്ണം കണക്കാക്കുന്നതിലെ കൃത്യത കണക്കെടുപ്പിനുപയോഗിക്കുന്ന രീതിയെ ആശ്രയിച്ചിരിക്കും. മുൻകാലങ്ങളെ അപേക്ഷിച്ച് വളരെയധികം കൃത്യതയുള്ള ക്യാമറ ട്രാപ് രീതിയാണ് നിലവിൽ കടുവകളുടെ കണക്കെടുപ്പിനായി കേരള വനം വകുപ്പ് അവലംബിച്ചുവരുന്നത്. |
| (ഡി) | സംസ്ഥാനത്തെ വനങ്ങളിൽ നിന്ന് കടുവകൾ ജനവാസ കേന്ദ്രങ്ങളിലേക്ക് പ്രവേശിക്കുന്നത് തടയുന്നതിന് വേണ്ടി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഡി) | പ്രായാധിക്യമോ മറ്റ് അവശതകൾ കാരണമോ വനത്തിൽ വേട്ടയാടി ഇരപിടിക്കാൻ കഴിയാതെ വരുന്ന കടുവകളാണ് പൊതുവേ ജനവാസമേഖലകളിൽ എത്തി ഇരപിടിക്കാൻ ശ്രമിക്കുന്നത്. ഇത്തരത്തിൽ |

| | | | |
|---|---|---|---|
| | | | ജനവാസമേഖലയിലേക്ക് ഇറങ്ങാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ക്യാമറാ ട്രാപ്പുകൾ, ലൈവ് ക്യാമറ, ഡ്രോൺ തുടങ്ങിയ ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് കടുവകൾ ജനവാസമേഖലയിൽ ഇറങ്ങുന്നുണ്ടോ എന്ന് നിരീക്ഷിച്ചു വരുന്നു. കടുവയുടെ സാന്നിദ്ധ്യം ശ്രദ്ധയിൽ പെട്ടാൽ ഉടനടി പ്രദേശവാസികൾക്ക് വാട്ട്സാപ്പ് ഗ്രൂപ്പ്, എസ്.എം.എസ്. തുടങ്ങിയ മാധ്യമങ്ങൾ വഴിയും ഉച്ചഭാഷിണി ഉപയോഗിച്ചും മുന്നറിയിപ്പു നൽകാറുണ്ട്.<br><br>ജനവാസമേഖലയിൽ എത്തിപ്പെടുന്ന കടുവകളെ അപകടസാധ്യത വിലയിരുത്തി കൂടുവച്ചോ, അതിനു സാധിക്കാതെ വന്നാൽ മയക്കുവെടിവച്ചോ സുരക്ഷിതമായി പിടികൂടി ആവശ്യമായ വെറ്ററിനറി ശുശ്രൂഷ നൽകി ആരോഗ്യം വീണ്ടെടുക്കുമ്പോൾ അനുയോജ്യമായ ആവാസ വ്യവസ്ഥയിലേക്ക് തുറന്നു വിടുകയും ചെയ്തുവരുന്നു. കൂടാതെ കടുവകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ജനവാസമേഖലകളിൽ ഇറങ്ങുന്നത് തടയുന്നതിനായി ജനവാസമേഖലകളോട്ടു ചേർന്ന വനാതിർത്തികളിൽ സൗരോർജ്ജ വേലികൾ, കിടങ്ങുകൾ, പ്രതിരോധ മതിലുകൾ, ഇലക്ട്രിക് (സെൻസർ) വാൾ മുതലായ പ്രതിരോധങ്ങൾ നിർമ്മിച്ച് പരിപാലിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ